©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2019 ഡിസംബർ 07<br>07th December 2019<br>1195 വൃശ്ചികം 21<br>21st Vrishchikam 1195<br>1941 അഗ്രഹായനം 16<br>16th Agrahayana 1941 | നമ്പർ<br>No. | 3008 |

കേരള സർക്കാർ
നിയമ (നിയമ നിർമ്മാണ-സി) വകുപ്പ്

### വിജ്ഞാപനം

നം. 21498/ലെഗ്.സി3/2019/നിയമം

*തിരുവനന്തപുരം, 2019 ഡിസംബർ 7*
*1195 വൃശ്ചികം 21*
*1941 അഗ്രഹായനം 16.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2019 ഡിസംബർ 6-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അരവിന്ദ ബാബു. പി. കെ.,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2019-ലെ 16-ാം ആക്റ്റ്

## 2019-ലെ കേരള സൂക്ഷ്മ -ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ ചില അംഗീകാരങ്ങളിൽ നിന്നും പരിശോധനകളിൽ നിന്നും പ്രസ്തുത വ്യവസായ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ ചില അംഗീകാരങ്ങളിൽ നിന്നും പരിശോധനകളിൽ നിന്നും പ്രസ്തുത വ്യവസായ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു: —

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) 'കൈപ്പറ്റ് സാക്ഷ്യപത്രം' എന്നാൽ 5-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകുന്ന കൈപ്പറ്റ് സാക്ഷ്യപത്രം എന്നർത്ഥമാകുന്നു;

(ബി) 'അപ്പലേറ്റ് അതോറിറ്റി' എന്നാൽ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് അതോറിറ്റി എന്നർത്ഥമാകുന്നു;

(സി) 'അംഗീകാരം' എന്നാൽ സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതും പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സംസ്ഥാന നിയമത്തിൻ കീഴിൽ ആവശ്യമായ ലൈസൻസുകളും, അനുവാദങ്ങളും അംഗീകാരങ്ങളും, ക്ലിയറൻസുകളും, രജിസ്ട്രേഷനുകളും, അനുമതികളും, നിരാക്ഷേപ പത്രങ്ങളും സമാനമായവയും എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഡി) ‘ക്ഷമതയുള്ള അധികാരസ്ഥാനം’ എന്നാൽ സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ ആവശ്യമായ അംഗീകാരം നൽകുന്നതിനോ അനുവദിക്കുന്നതിനോ ഉള്ള അധികാരങ്ങളോ ഉത്തരവാദിത്തങ്ങളോ നൽകപ്പെട്ടിട്ടുള്ള, സർക്കാരിന്റെ ഏതെങ്കിലും വകുപ്പോ, ഏജൻസിയോ, സ്റ്റാറ്റ്യൂട്ടറി ബോഡിയോ, സംസ്ഥാനത്തിന്റെ ഉടമസ്ഥതയിലുള്ള കോർപ്പറേഷനോ, തദ്ദേശസ്വയംഭരണ സ്ഥാപനമോ നഗരവികസന അതോറിറ്റിയോ ഏതെങ്കിലും സംസ്ഥാന നിയമപ്രകാരമോ അതിൻ കീഴിലോ രൂപീകരിക്കപ്പെട്ടതോ സ്ഥാപിക്കപ്പെട്ടതോ സർക്കാരിന്റെ ഭരണപരമായ നിയന്ത്രണത്തിൻകീഴിലുള്ളതോ ആയ മറ്റേതെങ്കിലും അതോറിറ്റിയോ ഏജൻസിയോ എന്നർത്ഥമാകുന്നു;

(ഇ) ‘ജില്ലാ ബോർഡ്’ എന്നാൽ 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ (2000-ലെ 5) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ ബോർഡ് എന്നർത്ഥമാകുന്നു;

(എഫ്) ‘വ്യവസായ സ്ഥാപനം’ എന്നാൽ ഒരു സൂക്ഷ്മ-ചെറുകിട അല്ലെങ്കിൽ ഇടത്തരം വ്യവസായ സ്ഥാപനം എന്നർത്ഥമാകുന്നു;

(ജി) ‘സർക്കാർ’ എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എച്ച്) ‘സൂക്ഷ്മ-ചെറുകിട അല്ലെങ്കിൽ ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ’ എന്നാൽ 2006-ലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ വികസന ആക്റ്റ് (2006-ലെ 27-ാം കേന്ദ്ര ആക്റ്റ്) പ്രകാരം നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള സൂക്ഷ്മ-ചെറുകിട അല്ലെങ്കിൽ ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു;

(ഐ) ‘നോഡൽ ഏജൻസി’ എന്നാൽ 3-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന നോഡൽ ഏജൻസി എന്നർത്ഥമാകുന്നു;

(ജെ) ‘വിജ്ഞാപനം’ എന്നാൽ കേരള സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(കെ) ‘നിർണ്ണയിക്കപ്പെട്ട’ എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എൽ) ‘സംസ്ഥാനം’ എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(എം) ‘സംസ്ഥാന ബോർഡ്’ എന്നാൽ 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ (2000-ലെ 5) 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച സംസ്ഥാന ബോർഡ് എന്നർത്ഥമാകുന്നു.

3. <u>നോഡൽ ഏജൻസി</u>.—കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ (2000-ലെ 5)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ ബോർഡ് ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി നോഡൽ ഏജൻസിയായിരിക്കുന്നതാണ്.

4. നോഡൽ ഏജൻസിയുടെ അധികാരങ്ങളും ചുമതലകളും.—സർക്കാരിന്റെ മേൽനോട്ടത്തിനും നിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി, നോഡൽ ഏജൻസിയുടെ അധികാരങ്ങളും ചുമതലകളും താഴെപ്പറയും പ്രകാരമായിരിക്കുന്നതാണ്, അതായത്:—

(എ) സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സഹായിക്കുകയും അത് സുഗമമാക്കുകയും ചെയ്യുക;

(ബി) സ്വയംസാക്ഷ്യപത്രത്തിന്റെയും 5-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെയും രേഖകൾ സൂക്ഷിക്കുക;

(സി) സർക്കാരിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി, അത് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള, മറ്റ് അധികാരങ്ങളും ചുമതലകളും ഒരു നോഡൽ ഏജൻസിക്ക് ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

5. സ്വയംസാക്ഷ്യപത്രം സമർപ്പിക്കുന്നത്.—(1) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 'റെഡ് കാറ്റഗറി' വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഒരു വ്യവസായ സ്ഥാപനം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും രീതിയിലും, അപ്രകാരമുള്ള വ്യവസായ സ്ഥാപനം സ്ഥാപിക്കുന്നതിനായി, നോഡൽ ഏജൻസി മുമ്പാകെ ഒരു സ്വയംസാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.

(2) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പ് ഏതെങ്കിലും ആൾ, 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള എല്ലാമോ ഏതെങ്കിലുമോ അംഗീകാരങ്ങൾ ലഭിക്കുന്നതിനായി, ക്ഷമതയുള്ള അധികാരസ്ഥാനം മുമ്പാകെ ഏതെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുള്ള പക്ഷം, അപ്രകാരമുള്ള ആളിന്, (1)-ാം ഉപവകുപ്പ് പ്രകാരം, ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള സ്വയം സാക്ഷ്യപത്രം നോഡൽ ഏജൻസി മുമ്പാകെ സമർപ്പിക്കാവുന്നതാണ് .

(3) എല്ലാരീതിയിലും പൂർണ്ണമായ ഒരു സ്വയം സാക്ഷ്യപത്രംലഭിച്ചാൽ, ഉടൻ (1)-ാം ഉപവകുപ്പ് പ്രകാരം ഒരു സ്വയം സാക്ഷ്യപത്രം നൽകിയിട്ടുള്ള ആളിന്, നോഡൽ ഏജൻസി നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ, ഒരു കൈപ്പറ്റ് സാക്ഷ്യപത്രം നൽകേണ്ടതാണ്.

6. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ പ്രാബല്യം.—5-ാം വകുപ്പ് പ്രകാരം ഒരു വ്യവസായ സ്ഥാപനത്തിന് നൽകിയ ഒരു കൈപ്പറ്റ് സാക്ഷ്യപത്രത്തിന്, എല്ലാ ആവശ്യങ്ങൾക്കും, അത് നൽകിയ തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രകാരമുള്ള ഒരു അംഗീകാരം എന്ന രീതിയിൽ പ്രാബല്യം ഉണ്ടായിരിക്കുന്നതും, പ്രസ്തുത മൂന്ന് വർഷക്കാലയളവിന് ശേഷം, അപ്രകാരമുള്ള വ്യവസായസ്ഥാപനം, അപ്രകാരമുള്ള കാലാവധി അവസാനിച്ചതിനു ശേഷം ആറ് മാസക്കാലയളവിനുള്ളിൽ 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ആവശ്യമായ അംഗീകാരങ്ങൾ നേടേണ്ടതുമാണ്:

എന്നാൽ, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലോ (2008 ലെ 28) അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി ഒരു ഭൂമി ഉപയോഗിക്കുന്നതിന്, കൈപ്പറ്റ് സാക്ഷ്യപത്രം ഒരാളെ അർഹനാക്കുന്നതല്ലാത്തതും, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൻ (2016-ലെ 9) കീഴിൽ വിജ്ഞാപനം ചെയ്ത പ്രകാരമുള്ള മാസ്റ്റർപ്ലാനിൽ, അപ്രകാരമുള്ള പ്ലാൻ പ്രാബല്യത്തിലുള്ളിടത്ത്, വ്യക്തമാക്കിയിട്ടുള്ള ഭൂവിനിയോഗത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ട് ഒരാളെ പ്രസ്തുത ഭൂമി ഉപയോഗിക്കുന്നതിന് അർഹനാക്കുന്നതല്ലാത്തതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ മൂന്ന് വർഷക്കാലയളവിൽ, ക്ഷമതയുള്ളഅധികാരസ്ഥാനം 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഏതെങ്കിലും അംഗീകാരം നൽകുന്നതിന്റെ ആവശ്യത്തിലേക്കായോ അതുമായി ബന്ധപ്പെട്ടോ ഏതെങ്കിലും പരിശോധന നടത്തുവാൻ പാടുള്ളതല്ല.

7. <u>ഒഴിവാക്കലുകൾ അനുവദിക്കൽ</u>.—സർക്കാരിനോ അതിൻകീഴിലുള്ള ഏതെങ്കിലും അതോറിറ്റിക്കോ, ഏതെങ്കിലും കേന്ദ്ര ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും അംഗീകാരമോ പരിശോധനയോ, അതുമായി ബന്ധപ്പെട്ട ഏതെങ്കിലും വ്യവസ്ഥകളോ ഒഴിവാക്കാൻ അധികാരമുള്ളിടത്ത്, അതതു സംഗതി പോലെ, സർക്കാരോ, അപ്രകാരമുള്ള ഏതെങ്കിലും അതോറിറ്റിയോ അപ്രകാരമുള്ള കേന്ദ്ര ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള ഒരു വ്യവസായ സ്ഥാപനത്തിന് 5-ാം വകുപ്പ് പ്രകാരം സ്വയം സാക്ഷ്യപത്രം നൽകിയ തീയതി മുതൽ മൂന്ന് വർഷക്കാലയളവിലേക്ക് അപ്രകാരമുള്ള ഒഴിവാക്കൽ അനുവദിക്കുന്നതിനുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതാണ്.

8. <u>കുറ്റങ്ങളും ശിക്ഷകളും</u>.—(1) ഏതെങ്കിലും വ്യവസായ സ്ഥാപനം, നോഡൽ ഏജൻസി മുമ്പാകെ നൽകിയിട്ടുള്ള സ്വയംസാക്ഷ്യപത്രത്തിലെ ഏതെങ്കിലും നിബന്ധനകളോ ഉപാധികളോ ലംഘിച്ചിട്ടുണ്ടെന്ന് നോഡൽ ഏജൻസി കാണുന്നപക്ഷം, നോഡൽ ഏജൻസിക്ക്, അപ്രകാരമുള്ള വ്യവസായ സ്ഥാപനത്തിന് നോട്ടീസ് നൽകിയതിനു ശേഷവും അപ്രകാരമുള്ള വ്യവസായ സ്ഥാപനം നൽകുന്ന മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ, അത് പരിഗണിച്ചതിനു ശേഷവും, അപ്രകാരമുള്ള വ്യവസായ സ്ഥാപനത്തിനുമേൽ അഞ്ചു ലക്ഷം രൂപയിൽ കവിയാതെയുള്ള ഒരു തുക പിഴയായി ചുമത്താവുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) ഈ ആക്റ്റിൻ കീഴിൽ കുറ്റം ചെയ്യുന്ന ആൾ ഒരു വ്യവസായ സ്ഥാപനമാണെങ്കിൽ, പ്രസ്തുത കുറ്റം ചെയ്ത സമയത്ത് വ്യവസായ സ്ഥാപനത്തിന്റെ കാര്യങ്ങൾ നടത്തുന്നതിനായി അതിന്റെ ചാർജ്ജ് വഹിക്കുകയും, പ്രസ്തുത വ്യവസായ സ്ഥാപനത്തോട് ഉത്തരവാദിത്തപ്പെട്ടിരിക്കുകയും ചെയ്ത ഏതൊരാളും വ്യവസായ സ്ഥാപനവും പ്രസ്തുത കുറ്റം ചെയ്തതായി കരുതപ്പെടുന്നതും അതനുസരിച്ച് നടപടിയെടുക്കുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയമായിരിക്കുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു വ്യവസായസ്ഥാപനം ചെയ്തിരിക്കുകയും വ്യവസായ സ്ഥാപനത്തിലെ ഏതെങ്കിലും ഉടമസ്ഥന്റെയോ മാനേജിംഗ് പാർട്ട്ണറുടെയോ ഡയറക്ടറുടെയോ മാനേജറുടെയോ സെക്രട്ടറിയുടെയോ അഥവാ പ്രസ്തുത വ്യവസായ സ്ഥാപനത്തിലെ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ അശ്രദ്ധനിമിത്തമോ ആണ് പ്രസ്തുത കുറ്റം ചെയ്തിട്ടുള്ളതെന്ന് തെളിയുകയും ചെയ്യുന്നപക്ഷം, അപ്രകാരമുള്ള ഉടമസ്ഥനോ, മാനേജിംഗ് പാർട്ട്ണറോ ഡയറക്ടറോ മാനേജറോ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനോ പ്രസ്തുത കുറ്റം ചെയ്തതായി കരുതപ്പെടുന്നതും, അത് അനുസരിച്ചുള്ള നടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയനായിരിക്കുന്നതുമാണ്.

<u>വിശദീകരണം</u>:— ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി,—

(എ) വ്യവസായ സ്ഥാപനം എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും, അതിൽ ഫേമോ അല്ലെങ്കിൽ വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതുമാകുന്നു.

(ബി) ഒരു ഫേമുമായി ബന്ധപ്പെട്ട്, അതിലെ ഡയറക്ടർ എന്നാൽ ഫേമിലെ പാർട്ട്ണർ എന്നർത്ഥമാകുന്നു.

9. <u>ഉത്തമവിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം</u>.—ഈ ആക്റ്റിന്റെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളുടെയോ വ്യവസ്ഥകൾ പ്രകാരം ഉത്തമ വിശ്വാസത്തിൽ ചെയ്തിട്ടുള്ളതോ, ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ കാര്യങ്ങളെ സംബന്ധിച്ച് സർക്കാരിനോ, നോഡൽ ഏജൻസിക്കോ, ക്ഷമതയുള്ള അധികാരസ്ഥാനത്തിനോ, അപ്പീൽ അതോറിറ്റിക്കോ ഏതെങ്കിലും സർക്കാർ ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

10. <u>ഈ ആക്റ്റിന് മറ്റ് നിയമങ്ങളുടെ മേൽ അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണെന്ന്</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, തൽസമയം

പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

(2) പ്രത്യേകിച്ചും, ഈ ആക്റ്റിലെ മുൻപറഞ്ഞ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ, അപ്രകാരമുള്ള വ്യവസ്ഥകൾക്ക്, താഴെ പറയുന്ന നിയമങ്ങളിൽ എന്തുതന്നെ വിരുദ്ധമായി അടങ്ങിയിരുന്നാലും പ്രാബല്യമുണ്ടായിരിക്കുന്നതും, പ്രസ്തുത നിയമങ്ങളിലെ വ്യവസ്ഥകൾ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ഭേദഗതി ചെയ്യപ്പെട്ടതായി വായിക്കേണ്ടതുമാണ്.

1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994 ലെ 13)
2. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994 ലെ 20)
3. 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റ് (1960 ലെ 34)
4. 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റ് (2013 ലെ 18)
5. 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റ് (1955ലെ 16)
6. 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റ്( 1939 ലെ 3)

11. <u>ഒഴിവാക്കൽ</u>.—10-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്റ്റിലെ യാതൊന്നും, തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽനിന്നോ, അതിന് കീഴിൽ നിർണ്ണയിക്കപ്പെട്ട ഏതെങ്കിലും നിയന്ത്രണ നടപടികളിൽ നിന്നോ മാനദണ്ഡങ്ങളിൽനിന്നോ, ഈ ആക്റ്റിൽ പ്രകടമായി വ്യവസ്ഥ ചെയ്തിടത്തോളം ഒഴികെ, ഒഴിവാക്കുന്നതായി വ്യാഖ്യാനിക്കുവാൻ പാടുള്ളതല്ല.

12. <u>അപ്പലേറ്റ് അതോറിറ്റിയും അപ്പലേറ്റ് അതോറിറ്റിയുടെ അധികാരങ്ങളും</u>.—(1) 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ (2000 ലെ 5) 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാന ബോർഡ്, ഈ ആക്റ്റ് പ്രകാരമുള്ള അപ്പലേറ്റ് അതോറിറ്റി ആയിരിക്കുന്നതും, ഈ ആക്റ്റിൻ കീഴിലുള്ള അപ്പലേറ്റ് അതോറിറ്റിയുടെ അധികാരങ്ങൾ വിനിയോഗിക്കേണ്ടതുമാണ്.

(2) നോഡൽ ഏജൻസിയുടെ തീരുമാനംമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും, അപ്രകാരമുള്ള തീരുമാനം ലഭിച്ച തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ അപ്പലേറ്റ് അതോറിറ്റി മുമ്പാകെ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ, ഒരു അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(3) അപ്പീൽ ലഭിച്ചതിനു ശേഷം അപ്പലേറ്റ് അതോറിറ്റിക്ക് അതിന് ആവശ്യമെന്ന് കരുതാവുന്ന, അധിക വിശദാംശങ്ങളോ രേഖകളോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിളിച്ചുവരുത്താവുന്നതും, അപ്രകാരമുള്ള വിശദാംശങ്ങളോ രേഖകളോ ഹാജരാക്കുന്നതിൻമേലും, നോഡൽ ഏജൻസിക്കും സങ്കടമനുഭവിക്കുന്ന ആളിനും പറയുവാനുള്ളത് കേൾക്കുവാൻ ഒരവസരം നൽകിയതിനുശേഷവും, അപ്പലേറ്റ് അതോറിറ്റി അപ്രകാരമുള്ള അപ്പീൽ സമർപ്പിച്ച തീയതി മുതൽ മുപ്പതു ദിവസക്കാലയളവിനുള്ളിൽ അപ്രകാരമുള്ള അപ്പീൽ തീർപ്പാക്കേണ്ടതും അതിൻമേലുള്ള അപ്പീൽ അതോറിറ്റിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(4) തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്പലേറ്റ് അതോറിറ്റിക്ക് സ്വമേധയോ, റഫർ ചെയ്യുന്നതിൻമേലോ നോഡൽ ഏജൻസി പാസ്സാക്കിയ ഒരു ഉത്തരവ് പരിശോധിക്കാവുന്നതും, അത് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള ഉത്തരവുകൾ പാസാക്കാവുന്നതും, അപ്രകാരമുള്ള ഉത്തരവുകൾ അന്തിമമായിരിക്കുന്നതുമാണ്.

13. <u>വൈഷമ്യങ്ങൾ നീക്കംചെയ്യൽ</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് മുഖേന പ്രസ്തുത വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏതു കാര്യവും ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പ് പ്രകാരമുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ഓരോ ഉത്തരവും അത് പ്രസിദ്ധീകരിച്ചതിനു ശേഷം, കഴിയുന്നത്ര വേഗം, സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

14. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, സംസ്ഥാന നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായി രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, പ്രസ്തുത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, സംസ്ഥാന നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA
## Law (Legislation-C) Department

NOTIFICATION

No. 21498/Leg.C3/2019/Law. *Dated, Thiruvananthapuram, 7th December, 2019*
*21st Vrischikam, 1195*
*16th Agrahayana, 1941.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Micro Small and Medium Enterprises Facilitation Act, 2019 (16 of 2019).

By order of the Governor,

ARAVINTHA BABU, P. K.,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of “2019-ലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്" published under the authority of the Governor.]

**ACT 16 OF 2019**

THE KERALA MICRO SMALL AND MEDIUM ENTERPRISES FACILITATION ACT, 2019

*An Act to provide for exemption from certain approvals and inspections required for the establishment and operation of micro small and medium enterprises in the State and matters connected therewith and incidental thereto.*

*Preamble.*—WHEREAS, it is expedient to give effect to exemption from certain approvals and inspections required for establishment and operation of micro small and medium enterprises in the State and matters connected therewith and incidental thereto;

BE it enacted in the Seventieth Year of the Republic of India, as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Micro Small and Medium Enterprises Facilitation Act, 2019.

(2) It shall come into force at once.

2. *Definitions.*—In this Act, unless the context otherwise requires,—

(a) “Acknowledgement Certificate” means the Acknowledgement Certificate issued under sub-section (3) of section 5;

(b) “Appellate Authority” means the Appellate Authority constituted under sub-section (1) of section 12;

(c) “approval” means licenses, permissions, approvals, clearances, registration, consents, no objection certificate and the like, required under any State law in connection with the establishment or operation of micro small and medium enterprise in the State;

(d) “Competent Authority” means any department or agency of the Government, statutory body, Corporation owned by State, Local Self Government Institutions, Urban Development Authorities, or any other Authority or Agency constituted or established by or under any State law or under the administrative control of the Government, which is entrusted with the

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

powers or responsibilities to grant or issue approval for establishment or operation of enterprises in the State;

(e) "District Board" means the District Board constituted under section 4 of the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 (5 of 2000);

(f) "enterprise" means micro small or medium enterprises;

(g) "Government" means the Government of Kerala;

(h) "micro, small or medium enterprises" means the micro, small or medium enterprises, as defined in the Micro Small and Medium Enterprises Development Act,2006 (Central Act 27 of 2006)

(i) "nodal agency" means nodal agency referred to in section 3;

(j) "notification" means a notification published in the Official Gazette of the Government of Kerala.

(k) "prescribed" means prescribed by rules made under this Act;

(l) "State" means the State of Kerala;

(m) "State Board" means the State Board constituted under section 3 of the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 (5 of 2000).

3. *Nodal Agency.*—The District Board constituted under section 4 of the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, shall be the nodal agency for the purpose of this Act.

4. *Powers and functions of nodal Agency.*—Subject to the superintendence, direction and control of the Government, the powers and functions of the nodal agency shall be as follows, namely:—

(a) to assist and facilitate the establishment of enterprises in the State;

(b) to maintain the record of self certification and Acknowledgement Certificate received under sub-section (3) of section 5;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(c) the Government may, assign such other powers and functions to the nodal Agency as it may deem fit for giving effect to the provisions of this Act.

5. *Filing of Self Certification.*—(1) Any person who intends to start an enterprise other than those not included as 'Red Category' by the Kerala State Pollution Control Board may, furnish before the nodal agency a Self Certification to start such an enterprise in such form and in such manner, as may be prescribed.

(2) If any person has filed any application before the competent authority to obtain all or any of the approvals as defined in clause (c) of section 2, before the commencement of this Act, such person may also opt to furnish self certification of intend to start an enterprise under sub-section (1) ;

(3) On receipt of a self certification completed in all respects, the nodal Agency shall, forthwith, issue an Acknowledgment Certificate, in the prescribed form, to the person who furnished the self certification under sub-section (1).

6. *Effect of the Acknowledgement Certificate.*—(1) An acknowledgment certificate issued under section 5 shall, for all purposes, have effect as if it is an approval as defined in clause (c) of section 2, for a period of three years from the date of its issuance and after the expiry of the said period of three years, such enterprise shall have to obtain required approvals as defined in clause (c) of section 2, within six months from the date of such expiry:

Provided that the acknowledgement certificate shall not entitle a person to use a land contrary to the provisions contained in the Kerala Conservation of Paddy Land and Wetland Act, 2008 (28 of 2008) and it shall also not entitle a person to use the land in deviation to the land use specified in the master plan notified under the Kerala Town and Country Planning Act, 2016 (9 of 2016), wherever such plan is in force.

(2) During the period of three years specified in sub-section (1), no competent authority shall undertake any inspection for the purpose of, or in connection with, any approval as defined in clause (c) of section 2.

7. *Grant of Exemption.*—Where the Government or any authority under it is empowered to exempt any enterprise from any approval or inspection or any provisions relating thereto under any Central Act, the Government or any such authority, as the case may be, shall, subject to the provisions of such Central Act, exercise such powers to grant such exemption to an enterprise established in the State for a period of three years from the date of issue of the acknowledgement certificate under section 5.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

8. *Offences and Penalties.*—(1) If the nodal agency finds that any enterprise, contravened the conditions or undertaking in the self certification given to the nodal agency such enterprise shall be punishable with fine for an amount not exceeding rupees five lakh after considering submission, if any, submitted by such enterprise;

(2) Where an offence under this Act is committed by an enterprise, the enterprise as well as every person in charge of, and responsible to, the enterprise for the conduct of its business at the time of commission of the offence, shall be deemed to be guilty of the offence and liable to be punished under this section:

(3) Notwithstanding anything contained in sub-section (1), where an offence under this Act has been committed with the consent or connivance of, or that commission of the offence is attributable to any neglect on the part of proprietor, managing partner, any director, manager, secretary or any other officer, such proprietor, managing partner, director, manager, or any other officer shall also be deemed to be guilty of that offence and shall be liable to be punished under this section.

*Explanation*:—For the purpose of this section,—

(a) enterprise means any body corporate and includes a firm or other association of individuals; and

(b) director in relation to a firm, means a partner in the firm.

9. *Protection of action taken in good faith.*—No suit, prosecution or other legal proceedings shall lie against the Government or nodal agency or Competent Authority or Appellate Authority or any employee of the Government, for anything which, in good faith, is done or intended to be done under this Act or any rules made thereunder.

10. *Overriding effect of this Act on other laws.*—(1) The provisions of this Act shall have overriding effect, notwithstanding anything inconsistent therewith contained in any other law, for the time being in force.

(2) In particular and without prejudice to the generality of the foregoing provisions of this Act, such provisions shall have effect notwithstanding anything inconsistent therewith contained in the following enactments and the provisions of these enactments shall be read as amended in conformity with the provisions of this Act, namely:—

1. The Kerala Panchayat Raj Act, 1994 (13 of 1994)
2. The Kerala Municipality Act, 1994 (20 of 1994)
3. The Kerala Shops and Commercial Establishments Act, 1960 (34 of 1960)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4. The Kerala Lift and Escalators Act, 2013 (18 of 2013)
5. Travancore – Cochin Public Health Act, 1955 (XVI of 1955)
6. Madras Public Health Act, 1939 (3 of 1939)

11. *Savings.*—Subject to the provisions of section 10, nothing in this Act shall be construed as exempting any enterprise from the application of the provisions of any law for the time being in force, or any regulatory measures and standards prescribed thereunder, except to the extent expressly provided in this Act.

12. *Appellate Authority and powers of the Appellate Authority.*—(1) The Appellate Authority under this Act shall be the State Board constituted under section 3 of the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999(5 of 2000), who shall exercise the powers of the Appellate Authority under this Act;

(2) Any person aggrieved by the decision of the nodal agency may, within thirty days from the date of such decision, file an appeal before the Appellate Authority, in such manner as may be prescribed.

(3) The Appellate Authority after receipt of appeal may call for additional details or documents as it may considered necessary and on production of such details or documents and after giving an opportunity of being heard to the aggrieved person and the nodal agency, the Appellate Authority shall dispose of such appeal within a period of thirty days from the date of filing of such appeal and the decision of the Appellate Authority on such appeal shall be final.

(4) Notwithstanding anything contained in any other law for the time being in force, the Appellate Authority may, either *suo-motu* or on a reference, examine any order passed by the nodal agency and pass appropriate orders as it deems fit, and such orders shall be final.

13. *Power to remove difficulties.*—(1) If any difficulty arises in giving effect to the provisions of this Act, the Government may, by order published in the Gazette, make such provisions not inconsistent with the provisions of this Act, as may appear to it, to be necessary and deemed fit, for removing the difficulty:

Provided that no such order under this section shall be made after the expiry of a period of two years from the commencement of this Act.

Every order made under this section shall be laid, as soon as may be, after it is made, before the State Legislature.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

14. *Power to make rules.*—(1) The Government may, by a notification in the gazette, make rules either prospectively or retrospectively for the purpose of carrying into effect the provisions of this Act;

(2) Every rule made under this Act shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be; so however, that any such modification or annulment shall be without prejudice to the validity of anything previously done under that rule.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2019.12.07 09:55:48 +05:30